മി. സ്പീക്കർ: ..........ഓർഡർ.......ഓർഡർ........ ചോദ്യം നം.*481.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

1 (*481) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ നടത്തുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനം ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നത് സ്ഥാപനങ്ങളുടെ ഗുണമേന്മ ഉയർത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ

(ബി) പ്രസ്തുത സ്കൂളുകളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.-യ്ക്ക് വിടാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ഇതിന് സംസ്ഥാനാടിസ്ഥാനത്തിൽ പരസ്യം ചെയ്യാറുണ്ടോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ഹോസ്റ്റലുകളുടെ പ്രവർത്തനം

മെച്ചപ്പെടുത്താൻ അതിന്റെ ചുമതലകൾ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഒന്നോ രണ്ടോ അദ്ധ്യാപകർക്ക് കൂടി നൽകാൻ ശ്രദ്ധിക്കുമോ;

(ഇ) കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിശോധന നടത്താൻ ആരോഗ്യ വകുപ്പിനെയും അടുക്കള ഭക്ഷണ ശുചിത്വം പരിശോധിക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിനെയും ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ & ബി) കേരള പട്ടികജാതി പട്ടികവർഗ്ഗ റെസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്) പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 20 എം.ആർ.എസ്.-കളും പട്ടികജാതി വിദ്യർത്ഥികൾക്കായി ഒരു സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 എം.ആർ.എസ്.-കളുമാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2 എണ്ണം സി.ബി.എസ്.ഇ സ്കൂളുകളാണ്. സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന 18 സ്കൂളുകളിൽ 11 ഹയർ സെക്കണ്ടറി സ്കൂളും 6 ഹൈസ്കൂളും 1 പ്രൈമറി സ്കൂളും ഉൾപ്പെടും.

പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള 9 സ്കൂളുകളിൽ ഒരു സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ, 7 ഹയർ സെക്കണ്ടറി സ്കൂൾ, 2 ഹൈസ്കൂളുകൾ എന്നിവ ഉൾപ്പെടും

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. അദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാൻ വ്യവസ്ഥ ഇല്ല.

ഓരോ അധ്യയന വർഷാരംഭത്തിലും ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാറുണ്ട്. ഒഴിവുള്ള തസ്തികകളിലേക്ക് അപേക്ഷ നൽകുന്ന അദ്ധ്യാപകരിൽ നിന്ന് ഇന്റർവ്യൂ നടത്തിയാണ് നിയമനം നൽകിവരുന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അദ്ധ്യാപകരെ ലഭിക്കാത്ത തസ്തികകളിലേക്ക് മാത്രം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ഇന്റർവ്യൂ ബോർഡാണ് കരാർ നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നത്. രണ്ട് തരത്തിലുള്ള നിയമന രീതികളിലും അദ്ധ്യാപകരുടെ ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഇത് സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരവർദ്ധനയ്ക്കും കാരണമായിട്ടുണ്ട്. അദ്ധ്യാപകേതര ജീവനക്കാരെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ

നിന്നാണ് നിയമിക്കുന്നത്.

(സി) ഓരോ വർഷവും സംസ്ഥാനതലത്തിൽ നടത്തുന്ന മത്സരപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്. കുടുംബവാർഷിക വരുമാനത്തിന്റെ ഉയർന്ന പരിധി 1 ലക്ഷം രൂപയാണ്. സാധാരണഗതിയിൽ 5-ാം ക്ലാസ്സിലേക്കാണ് പ്രവേശനം നൽകുന്നത്. എന്നാൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായിട്ടുള്ള ഇടുക്കി, പൂക്കോട് എം.ആർ.എസ്.-കളിൽ 6-ാം ക്ലാസിലേക്കാണ് പ്രവേശനം നൽകുന്നത്. കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ എന്നീ അതീവദുർബ്ബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷ എഴുതേണ്ടതില്ല.

സി.ബി.എസ്.ഇ. സ്കൂളുകളിൽ 1-ാം ക്ലാസിലേയ്ക്ക് അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലേക്ക് ജില്ലാതലത്തിൽ നടത്തുന്ന കായികക്ഷമതാ പരിശോധനയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകിവരുന്നത്. പ്രവേശന പരീക്ഷകൾ സംബന്ധിച്ചും കായികക്ഷമതാ പരിശോധന സംബന്ധിച്ചും എല്ലാ പത്രങ്ങളിലും സംസ്ഥാനാടിസ്ഥാനത്തിൽ അറിയിപ്പ് നൽകാറുണ്ട്.

(ഡി) ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പ്രൈമറി വിഭാഗത്തിൽ 3 വീതവും ഹൈസ്കൂൾ വിഭാഗത്തിൽ

കണക്ക്, സയൻസ്, സാമൂഹ്യശാസ്ത്രം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പ്രത്യേകം ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുള്ള വ്യക്തിപരമായ ഇടപെടലുകൾ നടത്തുന്നതിനും എം.എസ്.ഡബ്ല്യൂ. യോഗ്യതയുള്ള കൗൺസിലർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ അധ്യാപന യോഗ്യതയുള്ള റെസിഡന്റ് ട്യൂട്ടർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ചുമതല നൽകേണ്ടതിന്റെ ആവശ്യം ഇപ്പോൾ ഇല്ല.

(ഇ) അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ പീരിയോഡിക്കലായി ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ വൈദ്യപരിശോധന നടത്തിവരുന്നുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മയും പരിസരശുചിത്വവും ആരോഗ്യ വകുപ്പിലെ ജീവനക്കാർ പരിശോധിച്ചുവരുന്നുമുണ്ട്. മെച്ചപ്പെട്ട ശുചിത്വ സംവിധാനങ്ങൾ എല്ലാ ഹോസ്റ്റലുകളിലും ഒരുക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിലേയും എം.ആർ.എസ്.-കളിലെയും അടുക്കളകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സർട്ടിഫിക്കറ്റുകളോടുകൂടിയാണ് പ്രവർത്തിക്കുന്നത്.

ശ്രീ. സി. കെ. നാണു: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ

താമസിക്കുന്ന ഹോസ്റ്റലുകൾ ഇപ്പോൾ പഴയതിനേക്കാൾ നല്ല നിലവാരത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ വർഷങ്ങൾക്കു മുമ്പേയുള്ള ഹോസ്റ്റലുകൾ ചെറിയ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി വടകര എസ്.പി. ഓഫീസിനടുത്തുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഹോസ്റ്റൽ, അവിടെയുള്ള സൗകര്യം അവർ പരമാവധി ഉപയോഗിക്കുകയാണ്. അത്രയും കുട്ടികൾക്ക് താമസിക്കുവാനുള്ള സൗകര്യം അവിടെയില്ല. ആ കുട്ടികൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ പഠനം നടത്താൻ ആവശ്യമായ സംവിധാനം അവിടെയുണ്ടാക്കണം. അവിടെ പോയ അവസരത്തിൽ, മറ്റ് സ്ഥലത്തെ കുട്ടികൾ പോകുന്നതുപോലെ അവിടെയുള്ള കുട്ടികൾക്കും ടൂർ പോകുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട സി. കെ. നാണു സൂചിപ്പിച്ചത് വടകരയിലെ പുതുപ്പണം സ്കൂളിനെ സംബന്ധിച്ചാണ്. അവിടെ സ്ഥലത്തിന്റെ പരിമിതിയുണ്ട്. ഇതിന്റെ പശ്ചാത്തല സൗകര്യവികസനത്തിന് ഏറ്റവും പ്രധാനമായത് സ്ഥല ലഭ്യതയാണ്. സ്ഥലലഭ്യതക്കുറവ് പല സ്ഥലങ്ങളിലുമുണ്ട്. എന്നാൽ ലഭ്യമായ സ്ഥലത്തെ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. ഓരോ ഹോസ്റ്റലുകളിലും സന്ദർശിച്ചാൽ ഒരു രക്ഷിതാവിനും ഒരു അസംതൃപ്തിയും തോന്നില്ല. സ്ഥല ലഭ്യത പരിഹരിക്കുന്നതിനുള്ള നടപടി, ആ സ്ഥാപനത്തെ

വേറെ സ്ഥലത്തേയ്ക്ക് മാറ്റേണ്ടിവരും. സാധാരണരീതിയിൽ പുതുപ്പണത്തു നിന്നു മറ്റു സ്ഥലത്തേക്കു മാറ്റുന്നതിന് കഴിയില്ല. പട്ടികജാതി പട്ടികവർഗ്ഗക്കായി പ്രത്യേകിച്ചുള്ള ടൂർ പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി നടത്തുന്നുണ്ട്. എം.ആർ.എസ്-കളെ മാത്രം കേന്ദ്രീകരിച്ചുള്ള ടൂർ പ്രോഗ്രാമിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

ശ്രീ. സി. കെ. നാണു: സർ, സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ടവർ അവരുടെ മക്കളെ ഹോസ്റ്റലുകളിൽ താമസിപ്പിക്കാൻ താൽപ്പര്യപ്പെടുന്നില്ല. അതിന്റെ ഫലമായി ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസയോഗ്യത.... വടകരയിൽ തന്നെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ കൂട്ടമായി താമസിക്കുന്ന പ്രദേശമുണ്ട്. അവിടത്തെ കുട്ടികൾക്ക് ഹോസ്റ്റലിലെ കുട്ടികളെപ്പോലെ വിദ്യാഭ്യാസയോഗ്യത നേടാൻ സൗകര്യം ലഭിക്കുന്നില്ല. അത് നമുക്ക് എങ്ങനെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഹോസ്റ്റലുകൾ എന്നുപറയുമ്പോൾ കേരളത്തിൽ 245 ഹോസ്റ്റലുകളിലായി 16538 കുട്ടികളാണ് പഠിക്കുന്നത്. അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും അതുപോലെ നല്ല ഭക്ഷണവും അവർക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങളെല്ലാം ഇന്ന് ഹോസ്റ്റലുകളിൽ ലഭ്യമാണ്. അതുകൊണ്ടുതന്നെ ഒരു കാലഘട്ടത്തിലും കാണാത്ത രൂപത്തിൽ ക്രമാനുഗതമായി ഇവരുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നുവെന്നുള്ളത് ഒരു

യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് എം.ആർ.എസ്.-ൽ പഠിക്കുന്ന കുട്ടികളോട് കോംപീറ്റ് ചെയ്യാൻ ഇപ്പോഴുള്ള എയിഡഡ് സ്ഥാപനങ്ങളിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ മറ്റ് സ്ഥാപനങ്ങളിലോ ഉള്ള വിദ്യാർത്ഥികൾക്കുപോലും സാധിക്കില്ല. അത്രത്തോളം മെച്ചപ്പെട്ട സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവുമാണ് എം.ആർ.എസ്.-കളിൽ ഇപ്പോഴുള്ളത്. എഴുത്തും വായനയും അറിയാത്ത കുട്ടികളെയാണ് അഞ്ചാം തരത്തിൽ ചേർക്കുന്നത്. എസ്.എസ്.എൽ.സി.-യിൽ എത്തുമ്പോൾ ആ കുട്ടിയുടെ നിലവാരം നമുക്ക് ഊഹിക്കാൻ സാധിക്കാത്ത നിലയിലായിരിക്കും. ആ നിലയിലുള്ള ശിക്ഷണം അവിടെ കൊടുക്കുന്നുണ്ട്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പിന്നീട് ആലോചിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കിഫ്ബി മുഖേന എന്തൊക്കെ പ്രവൃത്തികളാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഹോസ്റ്റലുകൾ, സ്കൂളുകൾ എന്നിവയ്ക്കായി ചെയ്യാൻ ഉദ്ദേശിക്കുന്നത്; കൂടാതെ 5-ാം ക്ലാസ് മുതലേ ഇവിടെ അഡ്മിഷൻ ലഭിക്കൂ. നഴ്സറി മുതൽ അഞ്ചാം ക്ലാസ് വരെ അവർക്ക് പ്രത്യേക പരിശീലനം കൊടുക്കാതിരുന്നാൽ ഇവർ മറ്റുകുട്ടികളോടൊപ്പം എത്താനുള്ള സാഹചര്യമുണ്ടാകില്ല. അക്കാര്യം കൂടെ പരിഗണിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കിഫ്ബിയുടെ ഭാഗമായി ഏതാണ്ട് 255 കോടി രൂപയുടെ പദ്ധതികളാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി

ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളത്. അതിൽ 84.68 കോടി രൂപയുടെ അംഗീകാരം ഇപ്പോൾ കിട്ടിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ പത്ത് സ്ഥാപനങ്ങൾക്ക് 28.25 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 56.43 കോടി രൂപയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളതിന്റെ പ്രൊപ്പോസൽ ഇപ്പോൾ കിഫ്ബിയുടെ മുന്നിലുണ്ട്. അംഗീകാരം കിട്ടിയ പദ്ധതിയിൽ വളരെ പ്രധാനപ്പെട്ടതാണ് ആറളം എം.ആർ.എസ്., 18,60,00,000 രൂപയുടെ പദ്ധതി അംഗീകരിച്ചു. ബദിയഡുക്ക പ്രീ-മെട്രിക് ഹോസ്റ്റൽ 4,70,00,000 രൂപയുടെയും കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റൽ 4,20,00,000 രൂപയുടെയും അച്ചൻകോവിൽ പ്രീ-മെട്രിക് ഹോസ്റ്റൽ 5 കോടി, അരിവിളച്ചാൽ പ്രീ-മെട്രിക് ഹോസ്റ്റൽ, ഇടുക്കി 3,63,00,000 നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 5 കോടി, ഇടുക്കി കോടാനിപ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 3,91,00,000, വി.ടി.സി. അക്കാദമിക് ബ്ലോക്ക്, ഇടുക്കി 4 കോടി, വി.ടി.സി. ഹോസ്റ്റൽ ഇടുക്കി 3,42,00,000, പാലോട് യൂത്ത് ഹോസ്റ്റൽ 3,94,00,000. പട്ടികജാതി വിഭാഗത്തിൽ പത്ത് പദ്ധതികളുണ്ട്. എല്ലാം ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. അതിൽ എം.ആർ.എസ്. ഹോസ്റ്റൽ കാസർഗോഡ് 5 കോടി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആലുവ 5 കോടി, കൊഴിഞ്ഞാംപാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 5.3 കോടി, അത് താങ്കളുടെ മണ്ഡലത്തിലുള്ളതാണ്. കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 2 കോടി, മണ്ണന്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 1,95,00,000

രൂപ, പ്രീ മെട്രിക് ഹോസ്റ്റൽ തലശ്ശേരി 2 കോടി, വി.ഇ.ടി.സി. കണ്ണൂർ 1,30,00,000, മണ്ണന്തല ക്വാർട്ടേഴ്സ് 1,95,00,000, ഐ.ടി.ഐ. വെട്ടിക്കവല 1,43,00,000, ഐ.ടി.ഐ. ആറ്റിപ്ര 2.32 കോടി ബാക്കിയുള്ളത് ഇപ്പോൾ കിഫ്ബി-യുടെ മുമ്പാകെയുണ്ട്. വിദ്യാഭ്യാസ രംഗത്ത് കിഫ്ബി-യുടേതായ നല്ല സഹായം കിട്ടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ എല്ലാ എം.ആർ.എസ്.-കളും കഴിഞ്ഞകാലങ്ങളെക്കാൾ വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരികയാണ്. നിയമസഭാ സമിതി കേരളത്തിലെ പല സ്കൂളുകളും സന്ദർശിക്കുകയുണ്ടായി. ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ എന്നുപറയുന്നത് അവിടത്തെ കുട്ടികൾക്ക് വേണ്ടുന്നത്ര എഡ്യൂക്കേഷൻ പ്രോഗ്രസ് ഉണ്ടാകുന്നില്ല എന്നതാണ്. അത് പൊതുവെയുള്ള ഒരു സ്ഥിതിയാണ്. എന്നാലും ചാലക്കുടി, വയനാട് അടക്കമുള്ള സ്കൂളുകളിൽ വിജയശതമാനം 100 ശതമാനമാണ്. കഴിഞ്ഞ കാലങ്ങളേക്കാൾ ഇത്തരം സ്കൂളുകളും ഹോസ്റ്റലുകളും വളരെ മെച്ചപ്പെട്ട തലത്തിൽ പ്രവർത്തിക്കുകയാണ്. അവരുടെ ഫുഡ്, കായികപരിശീലനം എന്നിവ നല്ല നിലയിൽ നടക്കുന്നു. എന്നാൽ എനിക്ക് ചോദിക്കാനുള്ള ചോദ്യം, മറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കാൾ ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം അനുകൂല്യങ്ങളാണ് കൂടുതലായി ലഭിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എം.ആർ.എസ്.-കളിൽ എസ്.എസ്.എൽ.സി. വിജയശതമാനം 100 ശതമാനമാണ്. അത് സാധാരണനിലയിൽ മറ്റ് സ്ഥാപനങ്ങളിലും 100 ശതമാനമാണ്. അതിൽ വേറെ പ്രത്യേകത ഇല്ലെന്നുപറയാം. പ്ലസ് ടു-വിന് 88 ശതമാനമാണ് പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽ എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനവും പ്ലസ് ടു-വിന് 97 ശതമാനവുമാണ്. അവരുടെ വിദ്യാഭ്യാസ നിലവാരം ഓരോ വർഷം കഴിയുന്തോറും കൂടിക്കൂടി വരികയാണ്. ഹോസ്റ്റലുകളിലുള്ള കുട്ടികൾക്ക് പ്രീമെട്രിക് മെസ് അലവൻസ് 2000 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 2500 രൂപയാക്കി. പോസ്റ്റ് മെട്രിക് മെസ് അലവൻസ് 2300 രൂപയായിരുന്നത് 2825 രൂപയാക്കി. ഇപ്പോൾ മെസ്സുകളിൽ ബെസ്റ്റ് മെനുവാണ്. കുട്ടികൾക്ക് ഇഷ്ടമില്ലാത്ത മെനുവുണ്ടെങ്കിൽ അത് ഒഴിവാക്കും. മൂന്നുനാല് ദിവസം നോൺവെജിറ്റേറിയൻ, മൂന്ന് ദിവസം - വെജിറ്റേറിയൻ, ഒരു മാസത്തിലൊരിക്കൽ ബിരിയാണി എന്നിങ്ങനെയാണ് മെനു. ഞാൻ കാസർഗോഡ് ഒരു ഹോസ്റ്റലിൽ പോയിരുന്നു. കുട്ടികളുടെ കൂടെയിരുന്നാണ് ഭക്ഷണം കഴിച്ചത്. നല്ല ടേയ്സ്റ്റുള്ള ഭക്ഷണമാണ്. ഞാൻ പോകുന്ന ദിവസം മാത്രമല്ല എല്ലാ ദിവസവും നല്ല ഭക്ഷണമാണെന്നാണ് കുട്ടികൾ പറഞ്ഞത്. ഭക്ഷണത്തെ സംബന്ധിച്ച് ഞാൻ കുട്ടികളോട് പത്രക്കാരുടെ മുമ്പിൽ വച്ച്

ചോദിച്ചു. നല്ല മെനുവാണ് എന്ന് കുട്ടികൾ പറഞ്ഞു. നല്ല പോഷകാഹാരമുള്ള ഭക്ഷണമാണ്. ഞങ്ങൾക്ക് മാസത്തിലൊരിക്കൽ പായസവും കൂടി വേണമെന്ന് പറഞ്ഞു. അത് കൂടി റെഡിയാക്കാമെന്ന് ഞാൻ പറഞ്ഞു. പ്രത്യേകമായി ഇതിനുപുറമെ യൂണിഫോം അലവൻസ്, നോട്ട് ബുക്ക് അലവൻസ്, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സോപ്പ്, ടവ്വൽ, കണ്ണാടി, മുടിവെട്ടുന്നതിനുള്ള കാശ്, സ്പോർട്സ് ഉപകരണങ്ങൾ, മെഡിക്കൽ അലവൻസ്, വാഷിംഗ് അലവൻസ് എന്നിവയെല്ലാം ഇതിന്റെ ഭാഗമായി കൊടുക്കുകയാണ്. പൊതുവെ ഹോസ്റ്റലുകളിൽ താരതമ്യേന നല്ല സ്ഥിതിയാണുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാറിനുവേണ്ടി ശ്രീ. ചിറ്റയം ഗോപകുമാർ: സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് നമ്മൾ എല്ലാ വർഷവും ബഡ്ജറ്റിൽ പണം വകയിരുത്താറുണ്ട്. കഴിഞ്ഞ രണ്ടുവർഷം നമ്മൾ വകയിരുത്തിയ പണം പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അത്തരം പണം ചെലവഴിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം തന്നെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ പോലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പഠിക്കുന്ന ഐ.ടി.ഐ./ഐ.ടി.സി. എന്നീ സ്ഥാപനങ്ങളെയും അതുപോലെ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും

ഉണ്ടായിരുന്നില്ല എന്നതാണ് ഐ.ടി.ഐ.-കൾക്ക് ഉണ്ടായിട്ടുള്ള ഒരു പ്രശ്നം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവർക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഉറപ്പുവരുത്തി. യഥാർത്ഥത്തിൽ മെസ് അലവൻസ് ഇപ്പോൾ അത്രയും വേണ്ട. കാരണം സാധനങ്ങൾ ഒന്നിച്ചാണല്ലോ വാങ്ങുന്നത്; പല സ്ഥലത്തും 2000-2300 വരെ മതിയാകും. ഇപ്പോൾ നമ്മൾ 2800 രൂപ വരെ കൊടുക്കുന്നുണ്ട്. അതിന്റെ ബാക്കി വരുന്ന തുകയല്ലാതെ ലാപ്സാകുന്ന പ്രശ്നം അതിലില്ല. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് 25 ശതമാനം വർദ്ധിപ്പിച്ചു. ഇപ്പോൾ വീണ്ടും 25 ശതമാനം വർദ്ധിപ്പിച്ചു. മെസ് അലവൻസ് അത്രയും വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. അത്രയും തുക ചെലവഴിക്കപ്പെടുന്നില്ല. അതുകൊണ്ട് കുട്ടികളെ സംബന്ധിച്ചിടത്തോളം കാശില്ലാത്ത ഒരു പ്രശ്നമില്ല. തുക ലാപ്സാകുന്ന പ്രശ്നവുമില്ല. യഥാർത്ഥത്തിൽ എം.ആർ.എസ്.-കളുടേത് എക്സസാണ്. തുക ലാപ്സായ ഒരു പ്രശ്നവും ഈ രംഗത്തില്ല.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ പല ജില്ലകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ ബത്തേരിയിൽ പ്രവർത്തിക്കേണ്ട ഹോസ്റ്റൽ മീനങ്ങാടിയിലെ ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഞാൻ ഇക്കാര്യം കഴിഞ്ഞ രണ്ടുമൂന്ന് മാസം മുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെ ആവശ്യമായ ടോയ്ലെറ്റ് ഇല്ല. കുട്ടികൾക്ക് വായനാ മുറിയില്ല. അവരുടെ പഠനോപകരണങ്ങൾ, യൂണിഫോം, അവർക്ക് ലഭിക്കുന്ന സോപ്പ്, എണ്ണ, സ്പോർട്സ് കിറ്റ്, പത്രങ്ങൾ എന്നിവ സൂക്ഷിക്കാൻ സൗകര്യങ്ങളില്ലാത്ത ഒരു ചെറിയ കെട്ടിടമാണ്. ഇങ്ങനെ സംസ്ഥാനത്തെ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള അസൗകര്യങ്ങളുണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇത്തരം വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയോ വാടകയ്ക്കെടുത്തോ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച് കുട്ടികളെ അവിടെ താമസിപ്പിക്കാനുള്ള സാഹചര്യങ്ങളൊരുക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ വിഷയം കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചതാണ്. മീനങ്ങാടി വാടകക്കെട്ടിടത്തിലുള്ള ഈ സ്ഥാപനം നമുക്ക് ഒരു സ്ഥിരം കെട്ടിടമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വാടകക്കെട്ടിടങ്ങൾ പരമാവധി ഒഴിവാക്കി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കുകയാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, 1996-2001 കാലയളവിൽ ആരംഭിച്ചതാണ് മഹാനായ അയ്യങ്കാളിയുടെ പേരിലുള്ള വെങ്ങാനൂരുള്ള അയ്യങ്കാളി സ്പോർട്സ് സ്കൂൾ. നിയമസഭാ സമിതി അവിടം സന്ദർശിച്ചു. അവിടെ ഈ സ്കൂൾ

ആരംഭിക്കുമ്പോൾ വെള്ളായണി കാർഷിക സർവ്വകലാശാലയുടെ സ്ഥലമാണ് സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി നൽകിയത്. അതുകൊണ്ട് തന്നെ അന്നുണ്ടാക്കിയ ചില നിബന്ധനകളുണ്ട്. അവിടത്തെ ഡീൻ ആണ് സ്പോർട്സ് സ്കൂളിന്റെ നടത്തിപ്പിൽ മുഖ്യമായി വരുന്നത്. പക്ഷേ ഡീനോ കാർഷിക യൂണിവേഴ്സിറ്റിക്കോ/കാർഷിക കോളേജുകാർക്കോ ഇക്കാര്യത്തിലൊന്നും ചെയ്യാനാവില്ല. അതുകൊണ്ട് തന്നെ അവിടത്തെ നടത്തിപ്പ് സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. വിശേഷിച്ചും അഡ്മിനിസ്ട്രേഷൻ, അക്കാദമിക് കാര്യങ്ങൾ, സ്പോർട്സ് എന്നീ മൂന്നു വിഭാഗങ്ങളെ ഏകോപിപ്പിച്ച് കാര്യങ്ങൾ ചെയ്തുപോകേണ്ടതുണ്ട്. സ്ഥലപരിമിതി - ഹോസ്റ്റലും ക്ലാസ് നടക്കുന്നതും അടുത്തടുത്താണ്. സ്ഥല പരിമിതി കാരണം വല്ലാതെ വീർപ്പുമുട്ടുകയാണ്. അതൊരു മോഡൽ സ്പോർട്സ് സ്കൂളായി വികസിപ്പിച്ചെടുക്കാൻ കുറച്ച് സ്ഥലം കൂടി കണ്ടെത്തി വിപുലമായ രീതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കായിക രംഗത്തുള്ള കുട്ടികളെ പരിശീലിപ്പിക്കാനുള്ള ഒരു പരിശീലന കേന്ദ്രമായി വികസിപ്പിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ ഏറ്റവും മാതൃകാപരമായി നടക്കുന്ന ഒരു സ്ഥാപനമാണ്. പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും അതിനുമുമ്പും

നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിൽ 10 കോടി രൂപയോളം ചെലവുചെയ്തുകൊണ്ട് സ്പോർട്സുമായി ബന്ധപ്പെട്ട് പശ്ചാത്തല സൗകര്യമൊരുക്കി. ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. കാർഷിക കോളേജിന്റെ നിയന്ത്രണം അതിലുണ്ട്. കാർഷിക കോളേജും ഈ സ്ഥാപനവും തമ്മിൽ നല്ല ബന്ധത്തിലാണ്. പറഞ്ഞ രൂപത്തിലുള്ള പ്രശ്നങ്ങളില്ല. എന്നാൽ അവിടെ സ്ഥലം കിട്ടാൻ നല്ല ബുദ്ധിമുട്ടാണ്. ലഭ്യമായ സ്ഥലത്തെ പരമാവധി നമ്മൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ നമുക്ക് നടത്താൻ കഴിയുന്നുണ്ട്. കേരളത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്പോർസ്സ് സ്കൂളാണ്. ശ്രദ്ധേയമായിട്ടുള്ള കായികതാരങ്ങളെയും നമുക്ക് അവിടെ നിന്നും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലത്തിന്റെ കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരളത്തിലെ എം.ആർ.എസ്.-കൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. കുറെ വർഷങ്ങളായി നല്ല നിലയിൽ ഇവയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. ചില എം.ആർ.എസ്.-കളിൽ പോകാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അവിടെ ചില പ്രശ്നങ്ങളുണ്ട്. ഫുഡിന്റെ ക്വാളിറ്റിയെപ്പറ്റി ചിലർ പരാതി പറയാറുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് പറയാറുണ്ട്. ഇതെല്ലാം ഈ കുട്ടികളുമായി സംസാരിക്കുമ്പോൾ അവർ പറയുന്ന കാര്യങ്ങളാണ്. ഇതിന്

കേന്ദ്ര സഹായം ലഭ്യമാണ്. തുടങ്ങിയ കാലത്ത്, 1996-ൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ചതാണിത്. ഇപ്പോൾ കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമാണോ ഇതിന് പണം ചെലവഴിക്കുന്നത്; എന്റെ പ്രധാനപ്പെട്ട ചോദ്യം, എം.ആർ.എസ്.-കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അപര്യാപ്തതകൾ പരിഹരിക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, എം.ആർ.എസ്.-കളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് എം.എൽ.എ.-മാർ ചെയർമാൻമാരായി ഉപദേശക സമിതികൾ അവിടെയുണ്ട്. ബന്ധപ്പെട്ട വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർ കൺവീനർമാരായി നല്ല ഉപദേശക സമിതിയുണ്ട്. പല സ്ഥലത്തും സമിതി ചേരുന്നുണ്ട്. അതുകൊണ്ട് ഒരു പ്രത്യേക കമ്മിറ്റിയുടെ ആവശ്യമില്ല. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഒരു പരിധി വരെ നമുക്ക് ലഭിക്കുന്നുണ്ട്. പൂർണ്ണമായും കിട്ടുന്നില്ല. കാരണം ഇവിടെ നമ്മൾ പരിധിയില്ലാതെയാണ് പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്നത്. കേന്ദ്രഗവൺമെന്റിന് സാമ്പത്തികമായ സീലിംഗുണ്ട്. അതിനെക്കാൾ അപ്പുറത്തുള്ള തുക നൽകില്ല. സാധാരണ നിലയിലുള്ള സാമ്പത്തിക സഹായം രണ്ടര ലക്ഷമാണെന്നാണ്

എനിക്ക് തോന്നുന്നത്. അതിന് താഴെയുള്ളത് പരിപൂർണ്ണമായും കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ട്. ഏതെങ്കിലും സ്ഥലത്തുനിന്നും ഭക്ഷണവുമായി ബന്ധപ്പെട്ട പരാതി എനിക്ക് ലഭിച്ചിട്ടില്ല. ഏറ്റവും നല്ല മെനുവാണുള്ളത്. പ്രഭാതഭക്ഷണം - അപ്പം, കടലക്കറി, പാൽ, വാഴപ്പഴം എന്നിങ്ങനെയാണ്. 11 മണിക്ക് ഒരു ഇലയട കൊടുക്കും. ഉച്ചയ്ക്ക് ചോറ്, എരിശ്ശേരി, ചിക്കൻ, തോരൻ, രസം എന്നിവ കൊടുക്കുന്നുണ്ട്. നാലുമണിയാകുമ്പോൾ രണ്ട് പഴം പൊരിയും 200 മില്ലിലിറ്റർ പാൽ എന്നിവ കൊടുക്കും. അത്താഴം - ചോറ്, പുളിശ്ശേരി, ചെറുപയർ തോരൻ, അച്ചാർ എന്നിങ്ങനെയാണ് കൊടുക്കുന്നത്. ഇതിൽ ചെറിയ മാറ്റങ്ങളുണ്ടാകും. ഇതേ സീരിയോടൈപ്പിലായിരിക്കില്ല, പിറ്റേദിവസം എന്തെങ്കിലും മാറ്റമുണ്ടാകും. അതുകൊണ്ട് ഭക്ഷണത്തിന്റേതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏറ്റവും ഫലപ്രദമായ മെനുവാണുള്ളത്. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അത് മാറ്റാം.

ശ്രീമതി സി. കെ. ആശ: സർ, പി.എസ്.സി. ആപ്ലിക്കേഷൻ വിളിച്ച് അപ്പോയിന്റ്മെന്റ് നടത്തുമ്പോൾ എസ്.സി.-എസ്.ടി. ഒഴിവുകൾ പലപ്പോഴും എൻ.സി.എ. (Non-Candidate Available) ആയാണ് കിടക്കുന്നത്. ആപ്ലിക്കേഷൻ വിളിക്കുന്നത് പലപ്പോഴും ഈ കുട്ടികൾ അറിയുന്നില്ലായെന്നുള്ളതാണ് അതിന്റെ വാസ്തവം. ഈ സാഹചര്യത്തിൽ, അവർക്ക് പി.എസ്.സി. പരീക്ഷകളെപ്പറ്റി അറിയുന്നതിനും സിവിൽ സർവ്വീസ്

പോലുള്ള പരീക്ഷകൾക്ക് കോച്ചിംഗ് നടത്തിയും കൂടുതൽ ജോലി സാധ്യതയുണ്ടാക്കുന്നതിനും ആപ്ലിക്കേഷൻ വിളിക്കുന്ന പോസ്റ്റിലേയ്ക്ക് അപേക്ഷ അയയ്ക്കുന്നതിനും കൂടുതൽ അപ്പോയിന്റ്മെന്റ് നടത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുമോ;

ശ്രീ. എ. കെ. ബാലൻ: സർ, ഈ പറഞ്ഞത് കറക്ടാണ്. എൻ.സി.എ. പ്രശ്നം എസ്.ടി. വിഭാഗത്തിലുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് നടത്തി ഒഴിവുകൾ പരിപൂർണ്ണമായും നികത്തുന്നതിനുള്ള നടപടി ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇതിന് ഇവിടെ പറഞ്ഞതുപോലെ ബോധവൽക്കരണം ആവശ്യമാണ്. അതിന് പ്രൊമോട്ടർമാരെ വച്ചുകൊണ്ടും പ്രോജക്ട് ഓഫീസേഴ്സും അതിനുതാഴെയുള്ള ടി.എസ്.ഒ. ഓഫീസേഴ്സിനെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രചരണ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ള ഒട്ടേറെ പരിശീലനങ്ങൾ ഇവർക്കുണ്ട്. എൽ.റ്റി.റ്റി.എഫ്.-ന്റെ കീഴിൽ എന്റെ മണ്ഡലത്തിൽ 20 കുട്ടികൾക്കുള്ള ഒരു പ്രത്യേക സ്ഥാപനമുണ്ട്. അവിടെ പഠിച്ച് പാസ്സാകുന്ന കുട്ടികൾക്ക് അപ്പോൾത്തന്നെ ജോലി കിട്ടുന്ന സാധ്യതയുണ്ട്. കെ.എസ്.ഇ., എത്തിയോസ്, ഇംഗ്ലീഷ് ലാംഗ്വേജ് അക്കാദമി, കുട്ടുകാരൻ ഇൻസ്റ്റിറ്റ്യൂട്ട്, ജെ.ഡി.ടി. ഇസ്ലാം, സെന്റർ ഫോർ പോളിമർ സയൻസ് എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം

നൽകുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം 2350 കുട്ടികൾക്ക് പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ഏറെക്കുറെ എല്ലാവർക്കും പ്ലേസ്മെന്റും ആയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ മുക്കാലി മോഡൽ റെസിഡൻഷ്യൽ സ്കൂളുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ കുറെ വർഷങ്ങളായി 100 ശതമാനം വിജയമുള്ള സ്കൂളാണ് അത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എം.എൽ.എ.-മാർ ചെയർമാനായുള്ള കമ്മിറ്റിയുണ്ട്. അട്ടപ്പാടിയിലെ ഹോസ്റ്റലുകളെ സംബന്ധിച്ച് നടത്തിയ റിവ്യൂവിൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്, ഹോസ്റ്റലുകൾക്ക് അനുവദിച്ചിട്ടുള്ള സ്ട്രെങ്തിന്റെ രണ്ട് ഇരട്ടി വരെ കുട്ടികൾ ഓരോ ഹോസ്റ്റലിലും ഇപ്പോഴുണ്ട്. 40 കുട്ടികളെ പാർപ്പിക്കാവുന്ന ഹോസ്റ്റലിൽ 80-105 കുട്ടികൾ താമസിക്കുന്നുണ്ട്. അത് ആ വിഭാഗത്തിനിടയിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ പ്രോത്സാഹനം മൂലമാണ്. ആദിവാസി കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചാണ് പഠിക്കുക. ഊരിൽ ദിവസം പോയിവരുന്നതിനോട് അവർക്ക് താൽപ്പര്യമില്ല. ആ ഒരു സാഹചര്യത്തിൽ, അട്ടപ്പാടിയിൽ ഇപ്പോൾ ഏറ്റവും ചുരുങ്ങിയത് മൂന്ന് പുതിയ ഹോസ്റ്റലുകൾ വേണം. നിലവിലുള്ള ഹോസ്റ്റലുകളിൽ പുതിയ കെട്ടിടവും റെനവേഷനും ആവശ്യമായി വന്നിട്ടുണ്ട്.

ഇതിന് ഒരു പ്രൊപ്പോസൽ ഞാൻ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് കുറെ കാര്യങ്ങൾ നേരിട്ട് അറിവുള്ളതുമാണ്. ആ നിലയിൽ പുതിയ ഹോസ്റ്റലുകൾ അട്ടപ്പാടിയിൽ അനുവദിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഈ ഹോസ്റ്റലുകളിൽ പോകുകയും പരിശോധിക്കുകയും ചെയ്യുന്ന ഒരാളാണ്. സാധാരണ നിലയിൽ ഒരു ജനപ്രതിനിധി ഈ മേഖലയിൽ കാട്ടുന്ന കാര്യങ്ങൾക്ക് മാതൃകാപരമായ സമീപനം അദ്ദേഹം അട്ടപ്പാടിയിൽ കാട്ടുന്നുണ്ട്. സ്ട്രെങ്ത് ഉള്ളതിനേക്കാൾ കൂടുതൽ കുട്ടികൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന് അഡീഷണൽ ബ്ലോക്ക് ഉണ്ടാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ അദ്ദേഹം ഗവൺമെന്റിലേയ്ക്ക് തരാമെന്നും പറഞ്ഞിട്ടുണ്ട്. അത് നോക്കിയിട്ട് ആവശ്യമായ നടപടി എടുക്കാം. ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി എടുക്കും. എനിക്ക് തോന്നുന്നത്, അവിടെത്തന്നെ ഒരു എം.ആർ.എസ്. സ്പോർട്സ് സ്കൂൾ തുടങ്ങാൻ സാധ്യതകൂടിയുള്ള പ്രദേശമാണ്. നല്ല സ്പോർട്സ് താരങ്ങളെ അട്ടപ്പാടി മേഖലയിൽനിന്നും സൃഷ്ടിച്ചെടുക്കാൻ കഴിയും. ആ കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പട്ടികജാതി വകുപ്പ് സഹായം നൽകുന്ന ചില ഹോസ്റ്റലുകളുണ്ട്. ഗുരുവായൂർ പ്രവർത്തിക്കുന്ന കസ്തൂർബാ

ബാലികാ സദനം പട്ടികജാതി വിദ്യാർത്ഥിനികൾ മാത്രമാണ് അവിടെയുള്ളത്. അത്തരം ഹോസ്റ്റലുകളിലേയ്ക്കുള്ള അലവൻസ് ഓരോ കുട്ടിക്കും തലയെണ്ണിയാണ് വകുപ്പ് കൊടുക്കുന്നത്. അത് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ബാലൻ: സർ, സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണത്തിനായി സാധാരണ നിലയിൽ ആവശ്യമായി വരുന്ന പണം, ഇപ്പോൾ 1,500/- രൂപയാണ് കൊടുക്കുന്നതെന്ന് തോന്നുന്നു, ആവശ്യമുണ്ടെങ്കിൽ വർദ്ധിപ്പിക്കാം. പരിശോധിക്കാം. ഇപ്പോൾ പരാതിയൊന്നും വന്നിട്ടില്ല. ഗവൺമെന്റ് ഹോസ്റ്റലുകളിലോ അല്ലെങ്കിൽ മറ്റ് ഹോസ്റ്റലുകളിലോ പ്രവേശനം കിട്ടാത്ത കുട്ടികൾ സ്വകാര്യ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുമ്പോൾ ഞങ്ങൾക്ക് ഭക്ഷണത്തിന് ആവശ്യമായ കാശ് കിട്ടുന്നില്ല, ഹോസ്റ്റൽ ഫീസ് കൊടുക്കാൻ കഴിയുന്നില്ല, ഈ രൂപത്തിലുള്ള ഒരു ആക്ഷേപവും വന്നിട്ടില്ല. കസ്തൂർബാ സ്ഥാപനവുമായി ബന്ധപ്പെട്ട് അവിടെ എന്തെങ്കിലും കുറവുണ്ടോയെന്ന് എനിക്ക് അറിയില്ല. എന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹരിക്കാം. പ്രൈവറ്റ് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് എൻഹാൻസ് ചെയ്യണമെന്നാണെങ്കിൽ അതും പരിശോധിക്കാം.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള വെള്ളായണിയിലെ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള റെസിഡൻഷ്യൽ സ്കൂളുകളിൽ

പഠിക്കുകയും താമസിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഇടയ്ക്കിടക്ക് പരിക്കുപറ്റാറുണ്ട്. പലപ്പോഴും അർദ്ധരാത്രി അവർക്ക് അസുഖങ്ങൾ ഉണ്ടാകുമ്പോൾ വാടകയ്ക്ക് വാഹനങ്ങൾ വിളിച്ചാണ് പോകുന്നത്. പ്രത്യേകിച്ച് പെൺകുട്ടികൾക്ക് അസുഖമുണ്ടാകുമ്പോൾ പല അപരിചിതരായ ഡ്രൈവർമാരെ വിളിച്ച് പോകേണ്ട സാഹചര്യമുണ്ട്. അതുകൊണ്ട് ഇത്തരം സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആശുപത്രിയിലും മറ്റും കൊണ്ടുപോകുന്നതിനുവേണ്ടി പ്രത്യേകമായി വാഹനങ്ങൾ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇത് പരിശോധിക്കാം. അതോടൊപ്പംതന്നെ ഡോ. എം. കെ. മുനീർ ഇന്നലെ പറഞ്ഞല്ലോ, അദ്ദേഹത്തിന്റെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ 100 ശതമാനവും അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനമടക്കം വാങ്ങിക്കൊടുക്കാൻ തയ്യാറാകുന്നുവെന്ന്. ആ മാതൃക ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കും സ്വീകരിക്കാം. അതോടൊപ്പം ഈ കാര്യവും പരിശോധിക്കാം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, എന്റെ മണ്ഡലത്തിൽ മൂന്ന് പട്ടികവർഗ്ഗ കോളനികളുണ്ട്. അവിടെ ഒരു റെസിഡൻഷ്യൽ സ്കൂളുമുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രികൂടിയായ പുനലൂർ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ്. അവിടെ ഒരു പ്രശ്നം വന്നത്, ഒരു സ്കൂളിൽ എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും വാഹനം വാങ്ങിച്ചുകൊടുത്തു. വാഹനം കിട്ടുന്നതിനുമുമ്പ് ഈ വിഭാഗത്തിൽപ്പെട്ട

കുട്ടികൾക്ക് വണ്ടിക്കൂലി കൊടുക്കാനുള്ള സംവിധാനം വകുപ്പിനുണ്ടായിരുന്നു. പക്ഷെ, വാഹനം വാങ്ങിക്കൊടുത്താൽ അതിന്റെ ഇന്ധനം കൊടുക്കാനുള്ള സംവിധാനം വകുപ്പിനില്ല. അതൊരു പ്രതിസന്ധിയായി ഞാൻ മന്ത്രിയോട് പറഞ്ഞിരുന്നു, മന്ത്രി ഇടപെട്ടു. ഞാൻ പറയുന്ന കാര്യമെന്താണെന്നാൽ, ഈ പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ വരുന്ന കുട്ടികൾ അവരുടെ വീടുമായും സംസ്കാരവുമായുള്ള ബന്ധം വിട്ടുവരുമ്പോൾ അവർക്ക് സ്വാഭാവികമായും ഉണ്ടാകുന്ന ഒരു അസ്വസ്ഥതയുണ്ട്. അത് പരിഹരിക്കാവുന്ന തരത്തിൽ സാധാരണ സ്കൂളുകളിൽ ഇല്ലാത്തതുപോലെ അവരുടെ വിശ്രമസമയം അവരുടെ സംസ്കാരവുമായും ജീവിതവുമായും ബന്ധപ്പെടുത്തിയില്ലെങ്കിൽ ഇടക്ക് അവർ കൊഴിഞ്ഞുപോകും. അതുകൊണ്ടാണ് ആ പ്രതിഭ വളരാത്തതും അവരുടെ കൂട്ടത്തിൽനിന്നും കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്. പോലുള്ള സിവിൽ സർവ്വീസിലേയ്ക്ക് വരാൻ അറയ്ക്കുന്നതും. അതുകൊണ്ട് ഇത് പരിഹരിക്കാനുള്ള, അവരുടെ സംസ്കാരവും ആധുനിക ജീവിതവുമായി ബന്ധപ്പെടാവുന്ന തരത്തിൽ അവരുടെ വിശ്രമസമയവും, ജീവിതവും ഈ റെസിഡൻഷ്യൽ സ്കൂളിൽ ക്രമപ്പെടുത്താവുന്ന ഒരു സംവിധാനം ഉണ്ടാക്കുമോ;

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇത് പരിശോധിക്കാം. ഇപ്പോൾ അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഈ രൂപത്തിലുള്ള ഒരു അന്യതാബോധം, ഒറ്റപ്പെട്ടുപോയിയെന്ന് തോന്നുന്നില്ല. ആ കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്ന

അവസരത്തിൽതന്നെ അവർക്ക് കൗൺസിലേഴ്സിനെ അതായത് മാസ്റ്റർ ഓഫ് സോഷ്യൽ വർക്കറെ 20,000/- രൂപ കൊടുത്ത് നിയമിച്ച് പ്രത്യേക ട്യൂഷനും ഉപദേശവുമൊക്കെ കൊടുക്കുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം സാധാരണനിലയിൽ ഒരു അന്യതാബോധം ഇപ്പോഴില്ല. അത് നോക്കാം. വാഹനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യം, ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പുറത്തുപോകുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. രക്ഷിതാക്കൾ ഹോസ്റ്റലിൽ വന്നുകഴിഞ്ഞാൽ ടി.എ. അടക്കം കൊടുക്കുന്നുണ്ട്. രക്ഷിതാക്കൾക്ക് വരുന്ന ദിവസം ഹോസ്റ്റലിൽനിന്ന് ഭക്ഷണവും കൊടുക്കുന്നുണ്ട്. ഇടയ്ക്കിടക്ക് കുട്ടികളെ വന്ന് നോക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. കുടുംബത്തിൽനിന്നും ഒറ്റപ്പെട്ടുപോയിയെന്ന തോന്നൽ ഇപ്പോൾ യഥാർത്ഥത്തിൽ ഇല്ല.

ഗ്രീൻ ഇന്ത്യ മിഷൻ

(*482) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. രാജേന്ദ്രൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനും സംരക്ഷിത വനമേഖലയുടെ സംരക്ഷണത്തിനും വനംവകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സിറ്റിസൺ കൺസർവേറ്റർ, കുട്ടിവനം, എക്കോ കാഡറ്റ് തുടങ്ങിയ

നവീന പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഗ്രീൻ ഇന്ത്യ മിഷൻവഴി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) നഗരങ്ങളിൽ വൃക്ഷങ്ങൾ വ്യാപിപ്പിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ഇ) കണ്ടലുകളും കാവുകളും സംരക്ഷിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ,

(എ) കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിലൂടെ ജൈവ വൈവിധ്യ സംരക്ഷണം, വന്യജീവി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ, മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ എന്നിവ

ചെയ്യുന്നുണ്ട്.

സാമൂഹ്യ വനവൽക്കരണ വിഭാഗം വഴി ഹരിത കേരളം പദ്ധതിയും, കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. കൂടാതെ നദീ തീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്തിനം തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം, കണ്ടലുകൾ, കാവുകൾ എന്നിവയ്ക്ക് ധനസഹായം, വനമിത്ര അവാർഡ്, സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ ആഗ്രഹിക്കുന്നവർക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സിറ്റിസൺ കൺസർവേറ്റർ പദ്ധതി. ഇതിനായി വിവിധ ഡിവിഷനുകളിൽ സിറ്റിസൺ കൺസർവേറ്റർമാരെ തെരഞ്ഞെടുക്കുകയും ജൈവ വൈവിധ്യ സംരക്ഷണങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും തരിശുഭൂമി കണ്ടെത്തി അവിടെ വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുയാണ് കുട്ടിവനം പദ്ധതി

പ്രകാരം ചെയ്യുന്നത്. സ്വകാര്യ വ്യക്തികൾക്ക് അവരുടെ സ്ഥലങ്ങളിൽ വനത്തിന്റെ മാതൃക സൃഷ്ടിക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനം ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ വ്യതിയാനം വരുത്തുമെന്നും, സർവ്വോപരി ജനജീവിതത്തെയും നിലനിൽപ്പിനെയും സാരമായി ബാധിക്കുകയും ചെയ്യുമെന്ന തിരിച്ചറിവാണ് ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതിക്ക് നിദാനം. രാജ്യത്തെ വന സമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-ആഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാര വർദ്ധനവ്, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(ഡി) നഗരങ്ങളിൽ വൃക്ഷങ്ങൾ വ്യാപിപ്പിക്കുന്നതിനായി നഗര വനവത്കരണ പദ്ധതി (അർബൻ ഫോറസ്ട്രി), വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നീ പദ്ധതികൾ പ്രകാരം പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയും, സ്വമേധയാ മരങ്ങൾ വച്ചുപിടിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

(ഇ) കണ്ണൂർ ജില്ലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിലെ 2.82 ഹെക്ടറും മലപ്പുറം ജില്ലയിലെ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിലെ 54.69521 ഹെക്ടറും തൃശ്ശൂർ ജില്ലയിലെ 3.3853 ഹെക്ടറും പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായും 196-ലെ കേരള വനസംരക്ഷണ നിയമ പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ഇവ സംരക്ഷിച്ച് പരിപാലിച്ച് വരുന്നുണ്ട്. ഇതുകൂടാതെ സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി വ്യക്തികൾക്ക് ഏക്കറിന് 4,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ, വെറ്റ്ലാന്റ് കൺസർവേഷൻ എന്നീ പരിപാടികളിലൂടെ കൂടുതൽ സ്ഥലങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കാവ് സംരക്ഷണത്തിനായി വർഷംതോറും അപേക്ഷ ക്ഷണിക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാൻ അംഗീകരിച്ച് ധനസഹായം ചെയ്തുവരുന്നു.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, പരിസ്ഥിതി സംരക്ഷണവും മെച്ചപ്പെട്ട ഉപജീവനവും ഭക്ഷ്യ സുരക്ഷയുമെല്ലാം ഉറപ്പുവരുത്തുന്നതിന് വനവത്കരണം അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും വനംവകുപ്പും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്നൊരു കാര്യമാണ്. അതോടൊപ്പംതന്നെ, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കൽ

ഉൾപ്പെടെയുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന ഗവൺമെന്റിന്റെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ പ്രയോജനം എത്രത്തോളം നമ്മുടെ സംസ്ഥാനത്തിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്; വന്ന ഒരു റിപ്പോർട്ട്, പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് വന വിസ്തൃതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേരളം മൂന്നാമതാണെന്നാണ്. ഒന്നും രണ്ടും മറ്റ് സംസ്ഥാനങ്ങളാണ്. അതോടൊപ്പംതന്നെ ചില ജില്ലകളിൽ ഇക്കാര്യത്തിൽ കുറവ് സംഭവിച്ചതായും റിപ്പോർട്ട് വന്നിട്ടുണ്ട്. മുൻകാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതിരുന്നിട്ടുണ്ടോ; ഇക്കാര്യം അങ്ങ് പ്രത്യേകമായി പരിശോധിക്കുമോ;

<u>ശ്രീ. കെ. രാജു</u>: സർ, കേരളം മൂന്നാം സ്ഥാനത്ത് എന്നുപറയുമ്പോൾ കേരളത്തിന്റെ ഭൂവിസ്തൃതി അനുമായി ബന്ധപ്പെട്ടുവരും. വനത്തിന് പുറത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും വനം വികസന ഏജൻസി ആരംഭിക്കുന്നതിനുള്ള നടപടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഇപ്പോൾ സ്വീകരിച്ചു കഴിഞ്ഞു. ഗ്രീൻ ഇന്ത്യ മിഷൻവഴി വനത്തിനു പുറത്ത് നടപ്പാക്കുന്ന പദ്ധതികളായ വൃക്ഷവത്കരണം, കണ്ടൽ സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ജനങ്ങളുടെ കൂട്ടായ്മയായ ഹരിത സമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. അങ്ങനെ രൂപീകരിച്ചിട്ടുള്ള

ഹരിത സമിതികളെ ജില്ലാതലത്തിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള വനവികസന ഏജൻസിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ഏകോപിപ്പിക്കും. ജനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വബോധം സൃഷ്ടിക്കുന്നതിന് ഇത്തരത്തിലുള്ള സംഘടനയുടെ പ്രവർത്തനം സഹായകരമാണ്. ജനങ്ങൾക്ക് ആവശ്യമായ ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവയും ഗ്രീൻ ഇന്ത്യ മിഷന്റെ ഭാഗമായി സ്വകാര്യ ഭൂമികളിൽ നട്ടുപിടിപ്പിക്കാനുള്ള സഹായവും ചെയ്യുന്നുണ്ട്. കർഷകർക്ക് താൽപ്പര്യമുള്ള ഔഷധ ഗുണമുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും അവരുടെ കൂട്ടായ്മയായ ഹരിത സമിതികൾ മുഖാന്തിരം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുമുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൽ ജല ലഭ്യത വർദ്ധിപ്പിക്കുന്ന പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ജലാശയങ്ങൾ ശുദ്ധീകരിക്കുന്ന ജോലികൾ ഇതിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. ജില്ലകളിൽ കാവുകളോടനുബന്ധിച്ചുള്ള ജലാശയങ്ങൾ ശുദ്ധീകരിക്കുന്നതിന് ആവശ്യമായ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയാണ്. ഓരോ ജില്ലയിലും അതിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന അഞ്ച് കുളങ്ങൾ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ കുളത്തിൽനിന്ന് മണ്ണും മാലിന്യവും നീക്കം ചെയ്തുകൊണ്ട് സംരക്ഷിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. മുൻ വർഷങ്ങളിലും, മുൻ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലും ഗ്രീൻ ഇന്ത്യ മിഷൻ പരിപാടികൾ നടന്നിട്ടുണ്ട്. എങ്കിൽപ്പോലും ഇപ്പോൾ കുറച്ചുകൂടി കാര്യക്ഷമമായി നടക്കുന്നു എന്നുള്ളതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ലഭ്യമാകുന്ന വനപ്രദേശങ്ങളിലും നനഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമെല്ലാം വനവത്കരണ പരിപാടികൾ നടപ്പിലാക്കുന്ന പദ്ധതിയെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്പോഴാണെങ്കിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വ്യാപകമായി ഫലവൃക്ഷത്തൈകളും മറ്റ് ചെടികളുമെല്ലാം വച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയുള്ള ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഇതിൽ സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും മുൻകൈയെടുത്ത് പ്രത്യേകമുണ്ടാക്കുന്ന പദ്ധതികളുണ്ട്. ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിയാൽ അതിന് സർക്കാരിന്റെ പ്രത്യേക സഹായം ലഭ്യമാക്കുമോ?

ശ്രീ. കെ. രാജു: സർ, ഇത്തരം പദ്ധതികൾ നമ്മുടെ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി ചേർന്ന് നടപ്പിലാക്കാവുന്നതേയുള്ളൂ. ഇപ്പോൾത്തന്നെ നടപ്പിലാക്കുന്ന നഗരവത്കരണ പരിപാടികളുടെ ഭാഗമായി വലിയ ചട്ടികളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിപ്പിക്കുന്ന ഒരു സംവിധാനമുണ്ട്. ഇതിന് ചെലവ് കൂടുതലാണ്. എങ്കിലും വിപുലമായ രീതിയിൽ അത് നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകളും മറ്റും മുന്നോട്ട് വന്നാൽ അവരുമായി ചേർന്ന് പാത വക്കിലും, വീതിയുള്ള റോഡുകളുടെ സൈഡിലൊക്കെ നമുക്ക് വനവത്കരണം നടപ്പിലാക്കാൻ കഴിയും. കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ കഴിയും. അതിനുവേണ്ടി മുന്നോട്ട് വരുന്ന

സന്നദ്ധ സംഘടനകളുമായി ചേർന്ന് ആ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാണ്. സാമൂഹ്യ വനവത്കരണ വിഭാഗം നൽകുന്ന ബോധവൽക്കരണ പരിപാടികളിൽ ഈ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് സന്നദ്ധ സംഘടനകളെയെല്ലാം വിളിച്ചുകൂട്ടി ഇത്തരം കാര്യങ്ങൾ പറയാനുള്ളത്. കൂടാതെ വനം വകുപ്പുമായി ബന്ധപ്പെടുന്ന വ്യക്തികൾക്ക് ഇക്കാര്യത്തിൽ അറിവ് പകർന്നു നൽകുന്നതിന് ആവശ്യമായ മറ്റ് സംവിധാനങ്ങളുമുണ്ട്. ഇത്തരം കാര്യങ്ങൾ റേഡിയോ സന്ദേശങ്ങളായും നൽകുന്നുണ്ട്. പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ മാത്രം വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന ഇത്തരം കാര്യങ്ങളിൽ വരും വർഷങ്ങളിൽ കൂടുതൽ പ്രചരണം നടത്തി കൂടുതൽ ആളുകളെ വനവത്കരണവുമായി ബന്ധപ്പെടുത്തി വനത്തിന് വെളിയിൽ വൃക്ഷ ആവരണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കുകയാണ്. അവ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, അവരുമായി ബന്ധപ്പെട്ട് അത് നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി (ശ്രീ. കെ. ബാബു): സർ, കാടാണ് ജലം, ജലമാണ് കാട്. ജൈവ വൈവിദ്ധ്യമാർന്ന കാനന ഭംഗി ആസ്വദിക്കാനും കാടിന്റെ മക്കളുടെ ജീവിതം നേരിട്ടറിയാനും കാട്ടുചോലയും കാട്ടുമൃഗങ്ങളെയും കൺനിറയെ കാണാനും നിയമസഭാ സാമാജികർക്ക് കാടറിയൽ പരിപാടിയ്ക്ക്

നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വനംവകുപ്പ് മന്ത്രിയേയും അതിന് അനുവാദം നൽകുകയും അവിടെ പങ്കെടുക്കുകയും ചെയ്ത ബഹുമാനപ്പെട്ട സ്പീക്കറെയും എം.എൽ.എ.മാരെയും ഞാൻ അഭിനന്ദിക്കുന്നു.

ജൂൺ 5-ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളെ സമന്വയിപ്പിച്ച് 3 കോടി വൃക്ഷത്തൈകൾ നട്ടു വളർത്തുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ചോദ്യം ഇതാണ്, സാമൂഹ്യ വനവത്കരണ വിഭാഗം നടപ്പിലാക്കി വരുന്ന 'എന്റെ മരം' ഉൾപ്പെടെയുള്ള വൃക്ഷവത്കരണ പദ്ധതി സംസ്ഥാനത്ത് എത്രകണ്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ നട്ടുവളർത്തിയ വൃക്ഷത്തൈകളെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

<u>ശ്രീ. കെ. രാജു:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വനത്തെ സംബന്ധിച്ച് അറിയാൻ താല്പര്യമുള്ള ജനപ്രതിനിധികൾക്ക് പ്രത്യേകിച്ച് എം.എൽ.എ.മാർക്ക് നല്ലൊരവസരമായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അടക്കം 25 പേരാണ് അതിൽ പങ്കെടുത്തത്. ആ രണ്ടു ദിവസം ആനയേയും ആനക്കൂട്ടത്തേയും നേരിട്ട് കാണാൻ കഴിഞ്ഞു. പുലിയേയും മറ്റ് ചെറിയ മൃഗങ്ങളെയും രാത്രിയും അതുപോലെ തന്നെ പകലും നേരിൽകണ്ടവരുണ്ട്. ആദിവാസി സമൂഹത്തിന്റെ ജീവിത രീതി പഠിക്കാൻ കഴിഞ്ഞു. പറമ്പിക്കുളത്ത് ആദിവാസികൾ സ്വയം സംരംഭകർ എന്ന രീതിയിൽ വനവിഭവങ്ങൾ കൊണ്ട്

ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കാണാനും ആവശ്യമുള്ളവർക്ക് വാങ്ങാനും കഴിഞ്ഞു. എല്ലാ നിലയിലും അതൊരു നല്ല പരിപാടിയായിരുന്നു. അതിൽ പങ്കെടുക്കാതിരുന്ന എം.എൽ.എ.മാർക്ക് ഒരു നഷ്ടബോധം ഇപ്പോൾ തോന്നുന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്, സാമൂഹിക വനവത്കരണ വിഭാഗം വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ പരിപാലനത്തെ സംബന്ധിച്ചാണ്. വളരെ പ്രധാനമാണത്. കഴിഞ്ഞ പരിസ്ഥിതിദിനത്തിൽ 72 ലക്ഷം വൃക്ഷത്തൈകളാണ് വനം വകുപ്പ് ഉല്പാദിപ്പിച്ചുകൊടുത്തത്. കൂടാതെ കൃഷി വകുപ്പും കുടുംബശ്രീയുമെല്ലാം ഉല്പാദിപ്പിച്ച വൃക്ഷത്തൈകളുമുണ്ടായിരുന്നു. അങ്ങനെ ഒരു കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് കുട്ടികളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും വിതരണം നടത്തി. ആ വൃക്ഷത്തൈകളുടെ പരിപാലനം വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതിനുവേണ്ടി വനം വകുപ്പ് ചെയ്തത് അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നതുപോലെ, മുഖ്യമന്ത്രി ഇതിനകം തന്നെ യോഗം വിളിച്ചുകൂട്ടി അടുത്ത പരിസ്ഥിതി ദിനത്തിൽ 3 കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. വനം വകുപ്പ് തന്നെ വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ വഴിയാണ് അത് ചെയ്യാൻ ഉദ്ദേശിക്കുന്നത്. സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ടുള്ള അവബോധം കൊടുക്കുക, ഓരോ കുട്ടിക്കും സ്കൂളിൽ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ/

വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനും അതുപോലെ വീട്ടിൽക്കൊണ്ടുപോയി നട്ടാലും അത് സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള ബോധവൽക്കരണം നടത്തുകയാണ്. കുട്ടികൾ ഇതിൽ തല്പരരാണ്. അവർ വാശിയോടുകൂടി നാം വളർത്തുന്ന മരമായിരിക്കണം ഏറ്റവും പെട്ടന്ന് വളർന്നുവരേണ്ടതെന്നു കരുതി അതിനെ സംരക്ഷിക്കുന്നു. അതിന്റെ പേരിൽ സ്കൂളിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ എനിക്ക് വേണം എന്ന നിലയിൽ ബോധവാന്മാരാണ്. ആ രീതിയിൽ നിരവധി സ്ഥാപനങ്ങൾ, സംഘടനകൾ വിദ്യാലയങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന്, ഇപ്പോൾ എത്ര നശിച്ചുപോയി ഇനിയെത്ര ഉണ്ടെന്ന് കണക്കാക്കുന്നതിന്, ആവശ്യമായ കണക്കുകൾ സംഭരിക്കുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ സ്റ്റാറ്റിസ്റ്റിറ്റിക്സ് വിഭാഗം വിദ്യാർത്ഥികളെ കൂടി ഉപയോഗിച്ചുകൊണ്ട് ഒരു കണക്കെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഓരോ തൈയും ആ നിലയിൽ ഇനിയും സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പ് വരുത്തേണ്ട വിഷയമാണ്. അത്തരത്തിലാണ് ആലോചിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പിനു വേണ്ടി (ശ്രീ. പുരുഷൻ കടലുണ്ടി): സർ, രാജ്യത്ത് വനവിസ്തൃതിയിൽ മൂന്നാം സ്ഥാനത്താണ് കേരളം എന്നറിഞ്ഞതിൽ അങ്ങയെ അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിൽ വെള്ളം കിട്ടാത്തതു മൂലം ആന

കാട്ടിൽ നിന്നും നാട്ടിലേക്ക് ഇറങ്ങിവരികയാണ്. മന്ത്രി വിശദീകരിച്ച കാര്യങ്ങളൊക്കെ നടത്തുകയാണെങ്കിൽ, അവിടെ ഫല വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നുണ്ട്. അവിടെയൊന്ന് വരാൻ പറഞ്ഞിട്ട് മന്ത്രി വന്നില്ല. സംരക്ഷിത വനങ്ങളൊന്നുമില്ലാത്ത കുട്ടനാട് മേഖലയിലെ പരിസ്ഥിതി സംരക്ഷണം മുൻനിർത്തി വനം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. രാജു:</u> സർ, അദ്ദേഹം കുട്ടനാട്ടിലെ കാര്യവും ചോദിച്ചു. കുട്ടനാട് മേഖലയിലെ സമഗ്രമായ പാരിസ്ഥിതിക സംരക്ഷണം മുൻനിർത്തി ആലപ്പുഴ, കോട്ടയം, പത്തനംതിട്ടയുടെ ഭാഗം (കുട്ടനാട് മേഖല) എന്നീ ജില്ലകളിൽ 2011-മുതൽ 'കുട്ടനാട് പാക്കേജ് പദ്ധതി' എന്നൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആഗ്രോ ഫോറസ്ട്രിയ്ക്ക് ആവശ്യമായ വൃക്ഷത്തൈകൾ വിതരണം ചെയ്യുക, കാവുകളുടെ സംരക്ഷണം, തണ്ണീർത്തട സംരക്ഷണം, കണ്ടൽ തൈ വിതരണം, മണ്ണ് സംരക്ഷണത്തിനായി രാമച്ച തൈകൾ, ജലാശയത്തിലെ മാലിന്യ നിർമ്മാർജ്ജനം, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, പക്ഷി സമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ, ശുദ്ധജലം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിലേയ്ക്ക് റിവേഴ്സ് ഓസ്മോസിസ് പ്ലാൻറുകൾ സ്ഥാപിക്കൽ എന്നിവയാണ് ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ കുട്ടനാട് മേഖലയിൽ കാര്യക്ഷമമായി

നടക്കുന്നില്ലെന്നാണ് അന്വേഷണത്തിൽ മനസ്സിലാകുന്നത്. ഈ പാക്കേജ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ആലോചനകൾ നടത്തുന്നതാണെന്നാണ് ചോദ്യകർത്താവായ അങ്ങയോടും, (കുട്ടനാട് മേഖലയിലെ ജനപ്രതിനിധി അല്ലെങ്കിലും) കുട്ടനാട് മേഖലയിലെ മറ്റ് ജനപ്രതിനിധികളോടും എനിക്ക് സൂചിപ്പിക്കാനുള്ളത്.

അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല ആനകളുള്ളത്. ആനകളും വന്യജീവികളും ഇപ്പോഴത്തെ പ്രത്യേക ആവാസവ്യവസ്ഥ അനുസരിച്ച് ചൂട് കൂടിയ ഈ സമയത്ത് വനത്തിൽ നിന്ന് കൂടുതലായി പുറത്തോട്ടിറങ്ങുന്നുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അവയെ പരമാവധി കാടിനുള്ളിലേയ്ക്ക് കയറ്റി വിടുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. എന്നാലത് പൂർണ്ണമായിട്ടും വിജയിക്കുന്നില്ല. വനത്തിലേക്ക് കയറിപ്പോകുന്ന ആന വീണ്ടും തിരിച്ചുവന്ന് ഒരാഴ്ചയോളം ആൾപ്പാർപ്പുള്ള മേഖലയിൽ നിന്ന സ്ഥിതിയുമുണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർ ബഹുജനപങ്കാളിത്തത്തോടെ വന്യജീവികളെ വനത്തിനുള്ളിൽത്തന്നെ നിർത്തുന്നതിനാവശ്യമായ ശ്രമകരമായ ജോലി ചെയ്യുന്നുണ്ട്. അതോടൊപ്പം തന്നെ മുമ്പെല്ലാം ഉള്ളതിനേക്കാളും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും ജലാശയങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 360-ലധികം ജലാശയങ്ങൾ ഈ കഴിഞ്ഞ വർഷംതന്നെ വനത്തിനകത്ത് സൃഷ്ടിക്കുകയുണ്ടായി. ആ ജലാശയങ്ങളിലും വെള്ളമില്ലാത്ത

സ്ഥിതിയുണ്ട്. വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, കേരളത്തിൽ പശ്ചിമഘട്ടം സംരക്ഷിക്കണമെന്ന് എല്ലാ പ്രദേശത്തും എല്ലാവരും ചിന്തിക്കുന്നു. ഞങ്ങളും അതിന് വളരെയേറെ ശ്രമിക്കുന്നവരാണ്. 2010-ലെ കെ.ഡി.എച്ച്. വില്ലേജിൽ 14,000 ഹെക്ടർ വനം സംരക്ഷിക്കാൻ വകുപ്പിനെ ഏൽപ്പിച്ചിരുന്നു. അവിടെ മിക്ക സ്ഥലങ്ങളിലും യൂക്കാലിയും അൽക്കേഷ്യയും പോലെയുള്ള മരങ്ങളാണ് എച്ച്.എൻ.എൽ വച്ചു പിടിപ്പിച്ചിരിക്കുന്നത്. യൂക്കാലിയിലും ഇത്തരത്തിൽ വരുന്ന ഗ്രാന്റീസ് തോട്ടങ്ങളിലും അടിക്കാടുകൾ ഉണ്ടാവില്ല. കർവേൽ മരങ്ങളുണ്ടാകും അടിക്കാട് ഉണ്ടാവില്ല. അത് മണ്ണിന്റെ ഘടനയെ തകർക്കുന്ന മരങ്ങളാണ്. ചിന്നക്കനാൽ, മൂന്നാർ, വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ ഇത്തരത്തിലുണ്ട്. അതിന്റെകൂടെ തേക്കിൻതോട്ടവും കൂട്ടാം. അടിക്കാടുകൾ ഉണ്ടെങ്കിലേ അവിടെ ജൈവപരമായിട്ടുള്ള എല്ലാ സംരക്ഷണങ്ങളും കാണുകയുള്ളൂ. ചോല വനങ്ങൾ, ചെറിയ ചെറിയ ചെടികൾ, ജൈവ വൃക്ഷങ്ങൾ എന്നിവ ഇത്തരത്തിൽ ഉണ്ടാകു. വനം വകുപ്പിന് ആ മേഖലയെ ഇത്തരത്തിൽ ബോദ്ധ്യപ്പെട്ടതായി തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്തു കൊണ്ട്......

<u>മി. സ്പീക്കർ:</u> പ്ലീസ് ചോദ്യത്തിലേയ്ക്ക് വരൂ.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, ഇത് വളരെ പ്രധാനമാണ്. എറണാകുളത്ത്

കുടിക്കാൻ വെള്ളമില്ലെന്നു പറഞ്ഞാണ് അവർ ബഹളമുണ്ടാക്കുന്നത്. അവർക്കെല്ലാം വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് രണ്ടുമൂന്ന് ചർച്ചകൾ നടത്തിയത്. ആ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരും പങ്കെടുത്തിരുന്നു. പതിനേഴായിരം ഹെക്ടർ സ്ഥലത്ത് 100 ഏക്കറിൽ പോലും ബയോഡൈവേഴ്സിറ്റിയുടെ ഗാർഡൻ അല്ലെങ്കിൽ അടിക്കാടുകൾ വച്ച് പിടിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി വിട്ടുകൊടുക്കുവാൻ മനസ്സില്ലെന്നു പറഞ്ഞാൽ ഇന്നത്തെ സാഹചര്യം മനസ്സിലാക്കാൻ വനംവകുപ്പിലെ ചില ഉദ്യോഗസ്ഥർക്ക് പോലും കഴിയുന്നില്ലെന്ന വസ്തുതയുണ്ട്. അതുകൊണ്ട് അടിക്കാടികൾ വെട്ടുന്ന പദ്ധതി ഉപേക്ഷിക്കുകയും ഇത്തരത്തിലുള്ള ചോല മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനും അങ്ങയുടെ വകുപ്പ് ശ്രദ്ധിക്കുമോ? അങ്ങ് ഉറപ്പായി ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്കറിയാം; എന്നിരുന്നാലും കുറെക്കൂടി താല്പര്യമെടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. രാജു:</u> സർ, ഇക്കാര്യം നേരത്തെയും പല പ്രാവശ്യം നിയമസഭയിൽ ഉയർന്നു വന്നതാണ്. ഗവൺമെന്റിന്റെ നയത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞതുപോലെ വിദേശ വൃക്ഷങ്ങളായ യൂക്കാലിപ്റ്റ്സ്, മാഞ്ചിയം ഗ്രാന്റീസ് തുടങ്ങിയ വൃക്ഷങ്ങളാണ് വച്ചുപിടിപ്പിച്ചത്. ആ വൃക്ഷങ്ങൾ തുടർന്ന് വച്ചുപിടിപ്പിക്കേണ്ടതില്ല. നേരത്തെ തന്നെ അത് പ്ലാന്റ്

ചെയ്തിട്ടുണ്ട്. അങ്ങനെ പ്ലാന്റ് ചെയ്യാനിടയായ സാഹചര്യവും യഥാർത്ഥത്തിൽ മെമ്പർക്ക് അറിയാവുന്നതാണ്. സംസ്ഥാനത്തടക്കം സോഫ്റ്റ് വുഡുകൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളുണ്ട്. അവയുടെ നിലനിൽപ്പും നമുക്ക് ആവശ്യമാണ്. അവയ്ക്ക് ആവശ്യമായിട്ടുള്ള സോഫ്റ്റ് വുഡുകൾ കൊടുക്കാനുള്ള ബാധ്യത കരാറനുസരിച്ച് സർക്കാരിനുണ്ട്. ആ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതിയത് വച്ചു പിടിപ്പിക്കാതെ അവിടെ സ്വാഭാവിക വനങ്ങളും വൃക്ഷങ്ങളും വളർന്നു വളരുന്നതിനാവശ്യമായ നയമായിരിക്കണം തീരുമാനിക്കേണ്ടതെന്ന് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

മി. സ്പീക്കർ: ഫ്ലോറിൽ വന്ന നാല് ചോദ്യങ്ങൾക്കുതന്നെ 19 മിനിട്ട് എടുത്തിരിക്കുകയാണ്. അതുകൊണ്ട് ദയവായി ഈ ചോദ്യത്തിന് ഉപചോദ്യങ്ങളില്ല.

## പിന്നോക്ക വിഭാഗ വികസന പദ്ധതികൾ

(*483) ശ്രീ. വി. ജോയി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന

പ്രൊഫഷണലുകൾക്ക് മുൻഗണന നൽകിക്കൊണ്ട് തൊഴിൽ സംരംഭങ്ങൾക്കായി സബ്സിഡിയോടെ വായ്പ നൽകാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2011-നവംബറിൽ പിന്നോക്ക വകുപ്പ് രൂപീകരിച്ചതിനു ശേഷം ആദ്യമായിട്ടാണ് ഒരു സ്റ്റാർഡ് കൊസ്റ്റ്യൻ ഈ സഭയിൽ വരുന്നത്.

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി, പിന്നോക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കുന്നതിനായി 2017-18 മുതൽ ആവിഷ്കരിച്ചിട്ടുള്ള വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ് വായ്പാ പദ്ധതി. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതിക്കാവശ്യമായ തുക വായ്പയായി അനുവദിക്കുമ്പോൾ 20% തുക അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ വരെ പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നു. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കുന്നതാണ്. ഗ്രാമപ്രദേശത്ത് 98,000/- രൂപ വരെയും

നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 20 ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech, BHMS, B.Arch, MBA, LLB, Hotel Management, Tourism Management മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. വായ്പ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപയാണ് പിന്നോക്ക വിഭാഗ വികസന വകുപ്പ് നീക്കി വച്ചിട്ടുള്ളത്.

(ബി) പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ സംരംഭകരുടെ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, ബാങ്കിംഗ് സർവ്വീസ് പരീക്ഷാ പരിശീലനം, യു.ജി.സി/നെറ്റ്/ഗേറ്റ്/മാറ്റ് പരീക്ഷാ പരിശീലനം എന്നിവയാണ് ടി സ്കീം വഴി

ആനുകൂല്യം അനുവദിക്കുന്ന മത്സര പരീക്ഷാ പദ്ധതികൾ.

വയനാട്ടിലെ അരിവാൾകോശ രോഗ ബാധിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ, ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ പദ്ധതികൾ.

ടി പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ശ്രീ. വി. ജോയി: സർ, പിന്നോക്ക വിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ഇതിന്റെ ലക്ഷ്യമായി പറയുന്നത്. പ്രത്യേകിച്ചും വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവരുടെ പെൻഷൻ 500/-രൂപയിൽ നിന്ന് 1,100/- രൂപയായി വർദ്ധിപ്പിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്, അതോടൊപ്പം പ്രവാസികൾക്കും വനിതകൾക്കുമായി എന്തെങ്കിലും പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ, അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, രണ്ടു ദിവസം മുൻപാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പുതിയ സംരംഭം പിന്നോക്ക വികസന കോർപ്പറേഷന്റെ ഭാഗമായി ഉദ്ഘാടനം ചെയ്തത്. അതിലെ റിട്ടേൺ പദ്ധതി പ്രധാനമായ ഒന്നാണ്. ന്യൂനപക്ഷ വിഭാഗത്തിന് 30 ലക്ഷം രൂപയും, പിന്നോക്ക വിഭാഗത്തിന് 20 ലക്ഷം രൂപയുമാണ് കൊടുക്കുന്നത്. അത് നോർക്കയുമായി ബന്ധപ്പെട്ടാണ്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്നത്. നോർക്ക 3 ലക്ഷം രൂപ സബ്സിഡിയായി കൊടുക്കും. 20 ലക്ഷം രൂപ വായ്പ വാങ്ങിയാൽ 4 മുതൽ 6 ശതമാനം വരെ മാത്രമേ പലിശയുള്ളൂ. 3 ലക്ഷം രൂപ സബ്സിഡിയായി കൊടുക്കും. 17 ലക്ഷത്തിന് മാത്രമേ പലിശ കൊടുക്കേണ്ടതുള്ളൂ. ഏറ്റവും ഫലപ്രദമായ ഒരു പദ്ധതിയാണ്. അതുപോലെ പ്രൊഫഷണലുകൾക്ക് വേണ്ടി സ്റ്റാർട്ട്അപ്പ് പദ്ധതിയുണ്ട്, അതിന് 20 ലക്ഷമാണ് കോർപ്പറേഷൻ നൽകുന്നത്. 2 ലക്ഷം രൂപ പിന്നോക്ക വകുപ്പ് സബ്സിഡിയായി കൊടുക്കും. 84 മാസത്തെ കാലാവധിയാണ്, 6 ശതമാനം പലിശയേയുള്ളൂ. ഈ രണ്ടു പദ്ധതികൾക്കു പുറമേ മൈക്രോ ഫിനാൻസ് കഴിഞ്ഞ വർഷം ആരംഭിച്ചത് തുടരുകയാണ്. കേരളത്തിലെ എല്ലാ സി.ഡി.എസുകൾക്കും, (ഓരോ പഞ്ചായത്തിലേയും) ഒരു കോടി രൂപ വീതം സ്വയം സഹായ സംഘങ്ങൾക്കായി കൊടുക്കുന്ന പദ്ധതിയാണ്. ഈ മൂന്ന് പദ്ധതിയും ഇപ്പോൾ ഫലപ്രദമായി നടക്കുകയാണ്. ഏറ്റവും വലിയ ഡിമാന്റുള്ള ഒരു വായ്പാ പദ്ധതിയാണിത്. എൻ.എം.ഡി.എഫ്.സി.യുടേയും അതുപോലെ തന്നെ എൻ.ബി.സി.എഫ്.ഡി.സി. അതായത് ദേശീയ മൈനോറിറ്റി കമ്മീഷന്റെയും, ദേശീയ പിന്നോക്ക കമ്മീഷന്റെയും ഭാഗമായിട്ടുള്ള വായ്പകൾ ഉപയോഗപ്പെടുത്തിയാണിത് ചെയ്യുന്നത്. വായ്പ ലക്ഷ്യത്തെക്കാൾ കവിഞ്ഞു, കഴിഞ്ഞ പ്രാവശ്യം 350 കോടി രൂപയായിരുന്നു വായ്പാ ലക്ഷ്യം, ഇപ്പോൾ 400 കോടി രൂപ കൊടുത്തു കഴിഞ്ഞു. ഏറ്റവും നല്ല പദ്ധതിയാണ്. ഇതിന്റെ

ഉദ്ഘാടനം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. പലർക്കും ഈ കാര്യങ്ങളൊന്നും അറിയില്ലെന്നതാണ് ഇതിനകത്തുള്ള പ്രശ്നം.

<u>ശ്രീ. വി. ജോയി</u>: സർ, പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങൾ സംസ്ഥാനത്തെ ജനസംഖ്യയുടെ ഏതാണ്ട് 75 ശതമാനത്തോളം വരും. അതിന് പ്രാപ്തമായ സാമ്പത്തിക ഉന്നമനത്തിനായി നിലവിൽ ബഡ്ജറ്റ് തുക പര്യാപ്തമാണോ എന്നതും ഈ വർഷം എത്ര തുക ചെലവഴിച്ചുവെന്നും പറയാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പിന്നോക്ക വകുപ്പിന് കഴിഞ്ഞ വർഷം നീക്കി വെച്ചത് 182.40 കോടി രൂപയാണ്. അതിൽ ചെലവഴിച്ചത് 169.79 കോടി രൂപയാണ്. അതായത് 93 ശതമാനം ചെലവഴിച്ചു. അത് 100 ശതമാനത്തിലേയ്ക്ക് എത്താൻ പോകുകയാണ്. ഇന്ന് സംസാരിക്കുമ്പോഴുള്ള ലേറ്റസ്റ്റ് കണക്ക് എടുത്തിട്ടില്ല. 100 ശതമാനം ആയിരിക്കും പിന്നോക്ക വിഭാഗ വകുപ്പിന്റെ എക്സ്പെൻഡിച്ചർ.

<u>ശ്രീ. പി. ടി. എ. റഹിം</u>: സർ, പാർശ്വവൽക്കരിക്കപ്പെട്ടവരെ ക്ഷേത്രങ്ങളിൽ പൂജാരിമാരാക്കുന്നതുൾപ്പെടെയുള്ള വിപ്ലവകരമായ തീരുമാനങ്ങളാണ് ഇടതുപക്ഷ സർക്കാർ ഇപ്പോഴെടുത്തിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള വിഹിതത്തെ സംബന്ധിച്ച് കൃത്യമായി നമ്മൾ മോണിറ്റർ ചെയ്യുകയും, പരിശോധിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ

നോൺ-പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന പണത്തെ സംബന്ധിച്ച് ഇങ്ങനെയൊരു വിഭജനം നമുക്കുണ്ടാക്കാൻ സാധിച്ചിട്ടില്ല. എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ എണ്ണം 200-ൽ താഴെയാണ്. ഒരുപാട് വിപ്ലവകരമായ തീരുമാനങ്ങൾക്ക് തുടക്കം കുറിച്ച ഇടതുപക്ഷ സർക്കാരിന് ഇക്കാര്യത്തിൽ ഒരു സമവായമുണ്ടാക്കാൻ സാധിക്കുമോ, എന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അത് കറക്ടാണ്. പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് നമ്മൾ കൃത്യമായി നടത്തുന്നു. പക്ഷേ നോൺ-പ്ലാനുമായി ബന്ധപ്പെട്ട സമഗ്ര പരിശോധന നമ്മൾ നടത്തുന്നില്ല. അതിന്റെ ഭാഗമായിട്ടുതന്നെ പിന്നോക്ക വിഭാഗത്തിലേയും പ്രത്യേകിച്ച് മതന്യൂനപക്ഷത്തിൽപ്പെട്ട വിഭാഗത്തിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റേയും നോൺ-പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്നതിനെക്കുറിച്ച് ഒരു പരിശോധന സാധാരണ നിലയിൽ നടത്താറില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്, അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു മേഖലയാണെന്നാണ് തോന്നുന്നത്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതി വിഹിതം എത്ര രൂപയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചു? ഒരു കാര്യം കൂടി, പട്ടികജാതി കോളനി നവീകരണത്തിന് ഒരു കോടി രൂപ

അനുവദിച്ചിട്ടുണ്ട്, എന്നാൽ 40 കുടുംബങ്ങൾ ഇതിനാവശ്യമായി വരികയാണ്. പല കോളനികളും പരിശോധിക്കുമ്പോൾ ഒന്നോ രണ്ടോ കുടുംബത്തിന്റെ വ്യത്യാസം കാണുന്നുണ്ട്. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ല. ഇതിന്റെ ഭാഗമായി അത് അർഹതപ്പെട്ട പട്ടികജാതി കോളനി നിവാസികൾക്ക് കിട്ടുന്നില്ല, ഇതിന് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യമല്ലിത്, പിന്നോക്ക വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യമാണ്, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് കോളനി നവീകരണത്തിന്റെ നിബന്ധനകൾ സംബന്ധിച്ചാണ്, മറുപടി പറയാം. നിലവിൽ കോളനി നവീകരണത്തിന് മിനിമം 50 വീടുകൾ വേണ്ടിയിരുന്നു. അംബേദ്കർ കോളനിയെന്നാണല്ലോ അതിന് പേര് കൊടുത്തിരുന്നത്. ഇപ്പോഴത് 40 ആക്കിയിട്ടുണ്ട്, ആ മണ്ഡലത്തിൽ 40-ഉം കിട്ടുന്നില്ലെങ്കിൽ വേണമെങ്കിൽ അത് റിലാക്സ് ചെയ്യാം, അതിന് ബുദ്ധിമുട്ടൊന്നുമില്ല.

ശ്രീ. എം. നൗഷാദിനു വേണ്ടി (ശ്രീ. പി. കെ. ശശി): സർ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ? കഴിഞ്ഞ പിരീഡിൽ എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ ഇന്ത്യാ രാജ്യത്തിനകത്തും, പുറത്തും പിന്നോക്ക വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വായ്പ കൊടുക്കുന്ന ഫലപ്രദമായ പദ്ധതിയാണുള്ളത്. നാഷണലൈസ്ഡ് ബാങ്കുകളിലും അതുപോലുള്ള സഹകരണ സ്ഥാപനങ്ങളിലും പോയിട്ടും വായ്പ കിട്ടാത്ത എത്രയോ ആളുകൾക്ക് അത്താണിയായി ഈ സ്ഥാപനം മാറിയിരിക്കുന്നു. ഇന്ത്യാ രാജ്യത്തിനകത്ത് പഠനം നടത്തുന്നതിന് 10 ലക്ഷം രൂപയും പുറത്ത് പഠനം നടത്തുന്നതിന് 20 ലക്ഷം രൂപവരേയും നമ്മൾ വായ്പ കൊടുക്കുന്നു, അതിന് 4 ശതമാനമാണ് പലിശ. ലളിതമായ വ്യവസ്ഥയിലാണ് വായ്പ കൊടുക്കുന്നത്. ഈ വർഷം പിന്നോക്ക വിഭാഗക്കാരിൽ 23 പേർക്ക് 85 ലക്ഷം രൂപ നൽകിയിരുന്നു. യഥാർത്ഥത്തിൽ ഉന്നത പഠനം ആഗ്രഹിക്കുന്ന ആളുകൾക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന ഒരു സ്കീമാണിത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ അരിവാൾ രോഗികളുള്ള (സിക്കിൾ സെൽ അനീമിയ) ജില്ലയാണ് വയനാട്, അതിൽ പിന്നോക്ക വിഭാഗമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തോടൊപ്പം വയനാടൻ ചെട്ടി വിഭാഗങ്ങളുമുണ്ട്. എപ്പോഴാണ് രോഗം വരികയെന്നറിയില്ല തുടങ്ങിയ വിഷയങ്ങളുണ്ട്. അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സബ്സിഡിയോടുകൂടിയ പലിശ രഹിത വായ്പകൾ കൊടുക്കാൻ പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പരിപാടിയിൽ ഒരു പുതിയ സഹായ പദ്ധതിയാണ് സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സ്വയം തൊഴിൽ പദ്ധതി. വയനാട്ടിലെ വയനാടൻ ചെട്ടി, മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി, കുണ്ടുവടിയൻ എന്നീ സമുദായങ്ങൾക്കാണ് ഇത്തരത്തിലൊരു പദ്ധതികൊണ്ട് ഉപകാരം കിട്ടാൻ പോകുന്നത്. വളരെ ക്ലേശകരമായ സാമൂഹ്യ സാഹചര്യങ്ങളിൽ ജീവിക്കുന്ന രോഗികൾ വളരെയേറെ അവശത അനുഭവിക്കുന്നുണ്ട്. ഈ രോഗികൾക്ക് കഠിനമായ ശാരീരികാദ്ധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യാൻ സാധിക്കുന്നില്ല. 45-50 വയസ്സുവരെ മാത്രമേ ഇവർ പരമാവധി ജീവിക്കുന്നുള്ളൂ. ഈ രോഗം ബാധിച്ചവരുടെ കുടുംബങ്ങൾക്ക് പലപ്പോഴും സാമൂഹികമായിട്ടുള്ള ഭ്രഷ്ടും കല്പിക്കാറുണ്ട്. സ്വയം തൊഴിൽ പദ്ധതിയിലൂടെ ഇവരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. അത് ഇപ്പോൾ പുതിയ സ്കീമായി നടപ്പിലാക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുകയാണ്. സ്റ്റേഷനറി, ഡി.റ്റി.പി. സെന്റർ, പശു വളർത്തൽ, കോഴിഫാം, കരകൗശലവസ്തുക്കളുടെ നിർമ്മാണ വിപണനം, ചെറുകിട ഹോട്ടൽ, പിക്കപ്പ് ഓട്ടോറിക്ഷ ഇതൊക്കെയാണ് ഈ സംരംഭവുമായി ബന്ധപ്പെട്ട് നൽകാൻ ഉദ്ദേശിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിൽ നടപ്പാക്കുന്ന അംബേദ്കർ സ്വയം പര്യാപ്തപദ്ധതി പട്ടികജാതി കോളനി നവീകരണത്തിന്റേയും വികസനത്തിന്റേയും മുന്നോട്ടുള്ള കാൽവെയ്പാണ്. കഴിഞ്ഞ രണ്ടരവർഷമായി എഫ്.ഐ.ടി എന്നു പറയുന്ന ഏജൻസി തളിക്കുളം പഞ്ചായത്തിലെ പുനരധിവാസ കോളനി ഏറ്റെടുത്തതിനു ശേഷം വർക്ക് പൂർത്തീകരിക്കാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നു. ഇത്തരം വിഭാഗത്തിനു കൊടുക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായും സമയബന്ധിതമായും നൽകുന്നതിന് ഇതുപോലുള്ള ഏജൻസികളുടെ പ്രവർത്തനഫലമായി സാധിക്കുന്നില്ല. പ്രസ്തുത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കാനോ, സമയബന്ധിതമായി വർക്ക് പൂർത്തീകരിക്കാനോ ബഹുമാനപ്പെട്ട മിനിസ്റ്റർ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല, കോളനി നവീകരണം അതുപോലെ സമഗ്ര ഊര് വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അപ്രൂവ്ഡ് ഏജൻസിക്കാണ് മുൻസർക്കാർ വർക്കുകൾ കൊടുത്തത്. അവരുടെ കൈയ്യിൽ നിന്ന് പെട്ടന്നത് മാറ്റുക പ്രായോഗികമായി കഴിയില്ല, അവരെക്കൊണ്ടു തന്നെ ഇത് ചെയ്യിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യോഗം വിളിച്ചു ചേർത്തിരുന്നു, ഇപ്പോൾ എഫ്.ഐ.ടി വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്, കുറേ പ്രശ്നങ്ങൾ ആദ്യമുണ്ടായിരുന്നു. ബന്ധപ്പെട്ട

കളക്ടർമാർ ഗവൺമെന്റ് അപ്രൂവ്ഡ് ഏജൻസികളുടെ യോഗം വിളിച്ചു ചേർത്ത് ഇത് പ്രാവർത്തികമാക്കാനുള്ള ശക്തമായ നിലപാടാണെടുക്കുന്നത്. പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ ആ സ്ഥാപനങ്ങൾക്കെതിരായി പ്രോസിക്യൂഷൻ നടപടികളെടുക്കുമെന്നും പറഞ്ഞതാണ്. ഇപ്പോൾ നന്നായി ജോലികൾ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ ആ പ്രശ്നമുണ്ടെങ്കിൽ പ്രത്യേകിച്ച് പരിശോധിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)